## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 654      05.06.2018 ൽ മറുപടിക്ക്

### പരമ്പരാഗത വ്യവസായങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.വി.ടി.ബലറാം<br>ശ്രീ.എൽദോസ്.പി.കുന്നപ്പിള്ളിൽ<br>ശ്രീ.അൻവർ സാദത്ത് | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ കടുത്ത പ്രതിസന്ധിയിലാണെന്നത് വസ്തുത യാണോ; എങ്കിൽ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) പരമ്പരാഗത വ്യവസായ മേഖലയെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.<br><br>അന്യസംസ്ഥാനങ്ങളിലെ കുറഞ്ഞവിലയുള്ള കൈത്തറി ഉൽപ്പന്ന ങ്ങളുടെ ലഭ്യത, യന്ത്രതറി ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റം, തൊഴിലാളികളുടെ ദൗർലഭ്യം, അസംസ്കൃത വസ്തുക്കളുടെ വിലകൂടുതലും അവയുടെ ലഭ്യത കുറവും, പവർ ലൂം തുണികളെ അപേക്ഷിച്ച് കൈത്തറി വസ്ത്രങ്ങളുടെ വിലകൂടുതൽ, കൈത്തറിയുടെ പേരിൽ വ്യാജതുണികൾ വിപണിയിൽ എത്തുന്നത് തുടങ്ങിയവ പരമ്പരാഗത കൈത്തറി മേഖലയിൽ പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. ഇവ പരിഹരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ നൂലും കൂലിയും സർക്കാർ നൽകി സ്കൂൾ യൂണിഫോം പദ്ധതിയും ഒരു വീട്ടിൽ ഒരു തറി പദ്ധതിയും യുവവീവ് പദ്ധതിയും കൈത്തറി മേഖലയിലേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിന് ലക്ഷ്യമിട്ട് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളാണ്. ഇതിലൂടെ കൈത്തറി തൊഴിലാളികളുടെ നിത്യവരുമാനം 100-150 രൂപയിൽ നിന്നും 400 മുതൽ 600 രൂപവരെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൈത്തറി തുണി എന്ന പേരിൽ മിൽ തുണി വ്യപകമാകുന്നത് തടയുന്നതിനായി കൈത്തറി ഉൽപ്പന്ന ങ്ങൾക്ക് ഹാന്റ് ലൂം മാർക്ക് മുദ്ര നിർബന്ധ മാക്കിയിട്ടുണ്ട്. നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തു |

ന്നതിനും ഉൽപാദന ശേഷി വർദ്ധിപ്പിക്കുന്നതിനും പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു.

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, കുറഞ്ഞ വേതനം, ഉല്പന്നങ്ങളെ വിപണിയുമായി ബന്ധിപ്പിക്കുന്നതിനുള്ള അപര്യാപ്തത എന്നീ കാരണങ്ങളാൽ പ്രതിസന്ധിയിലായ കരകൗശല, ഈറ്റ പനമ്പ് നെയ്ത്ത് മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനം വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനുള്ള നടപടി, യന്ത്രവൽകൃത ഉല്പാദനം, ബാംബൂ ടൈൽസ് ഉൾപ്പെടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള നടപടി, തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനുള്ള നടപടി തുടങ്ങി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രധാന പ്രശ്നങ്ങളായ കുറഞ്ഞകൂലി, പരമ്പരാഗത രീതിയിൽ തൊഴിൽചെയ്യുന്നതിനുള്ള അദ്ധ്വാനഭാരം, സാങ്കേതിക വിദഗ്ധരുടെ അഭാവം, വിപണിയിലെ മത്സരം തുടങ്ങിയവ പരിഹരിക്കുന്നതിനായി കേരള ഖാദിഗ്രാമ വ്യവസായ ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു. ഖാദി മേഖലയിൽ മിനിമം വേതനം പദ്ധതി, ഉൽപ്പാദന കേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഉൽപാദന ഇൻസെന്റീവ്, റെഡീമെയ്ഡ് വാർപ്പിംഗ് സൗകര്യങ്ങൾ, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിൽ പരിശീലനം, ഖാദിഗ്രാമം പദ്ധതി തുടങ്ങിയവ നടപ്പാക്കിവരുന്നു.

കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യത കുറവ് പരിഹരിക്കുന്നതിന് കേരളത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി കേരള കാഷ്യൂബോർഡ് എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചിട്ടുള്ളതാണ്.

പരമ്പരാഗത കയർമേഖലയിലെ പ്രധാന പ്രതിസന്ധി ചകിരിയുടെ ലഭ്യതകുറവാണ്. ചകിരി ഉത്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ് മില്ലുകൾ

സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം നടത്തുന്നതിനും വിലവ്യതിയാനം പരിഹരിക്കുന്നതിനും കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നടപടികളിലൂടെ ഖാദി, കൈത്തറി മേഖലകളിൽ ഉണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണ്;

കൈത്തറി മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികളിലൂടെ മേഖലയിൽ പുതിയ ഉണർവ്വുണ്ടായിട്ടുണ്ട്. കൂടുതൽ തൊഴിൽദിനങ്ങളും മെച്ചപ്പെട്ട കൂലിയും ലഭ്യമാകുന്നരീതിയിൽ കൈത്തറി മേഖല മാറിയ സാഹചര്യത്തിൽ കൂടുതൽ പേർ പുതുതായി നെയ്ത്തിൽ പരിശീലനം നേടിക്കൊണ്ട് ഈ രംഗത്തേക്ക് വരുന്നുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിൽ മാത്രം നാലായിരത്തിലേറെ നെയ്ത്തുകാർ നിലവിൽ സജീവമായി ജോലി ചെയ്യുന്നുണ്ട്.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുവാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഇതുവഴി തൊഴിലാളികൾക്ക് കൂടുതൽ വേതനം ഉറപ്പുവരുത്തുവാനും അവരുടെ ജീവിത നിലവാരം ഉയർത്തുവാനും ഈ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(സി) ഖാദി മേഖലയിൽ ആധുനിക വൽക്കരണം കൊണ്ടുവരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

ഖാദി മേഖലയിൽ ആധുനികവൽക്കരണം കൊണ്ടുവരുന്നതിന്റെ ഭാഗമായി ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉൽപാദനവും കൂലിയും ലഭിക്കുന്ന രീതിയിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെ വർക്ക്ഷെഡ് പദ്ധതി, സംസ്ഥാന സർക്കാരിന്റേയും ത്രിതല പഞ്ചായത്തുകളുടേയും പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവസ്തു് പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു.

(ഡി) അടഞ്ഞുകിടക്കുന്ന ടെക്സ്റ്റയിൽ

പ്രാവർത്തികമായിട്ടുണ്ട്. ടെക്സ് ഫെഡിന്റെ

| | |
|---|---|
| മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കു മെന്ന പ്രഖ്യാപനം പ്രാവർത്തിക മാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിലുണ്ടായിട്ടുള്ള പ്രതിബന്ധങ്ങൾ വിശദമാക്കുമോ? | മെമ്പർ സ്പിന്നിംഗ് മില്ലുകളിൽപ്പെട്ട പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ പ്രവർത്തന മൂലധനത്തിന്റെ അഭാവത്താലും വൈദ്യുതി കുടിശ്ശികമൂലം വൈദ്യുതി വിച്ഛേദിച്ചതിനാലും മാസങ്ങളായി കോട്ടൺ ലഭ്യമല്ലാത്തതിനാലും പ്രവർത്തിച്ചിരുന്നില്ല. എന്നാൽ സർക്കാരിന്റെ അടിയന്തര ഇടപെടലിനെ തുടർന്ന് എല്ലാ മില്ലുകൾക്കും ആവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലേക്കായി സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേയ്സ് കമ്മിറ്റിക്ക് സർക്കാർ ധനസഹായം അനുവദിക്കുകയും തൽഫലമായി മില്ലുകൾ തുറന്ന പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മില്ലുകൾക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലേക്കായി സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ